സർക്കാർ നയങ്ങളും കോർപ്പറേറ്റുകളുടെ കടന്നുകയറ്റവും കാരണം കർഷകന്റെ സാമ്പത്തികസ്ഥിതി ഓരോ വർഷവും കൂടുതൽ ജീർണ്ണിക്കുകയാണെന്നും ചരിത്രത്തിലെ ഏറ്റവും വലിയ ഭക്ഷ്യക്ഷാമത്തിലേക്ക് ഇന്ത്യ വഴുതിവീഴുകയാണെന്നും വിലയിരുത്തുന്നു

**ദേവീന്ദർ ശർമ്മ**



# വരുന്നു ഭക്ഷ്യക്ഷാമത്തിന്റെ നാളുകൾ

21-ാം നൂറ്റാണ്ടിന്റെ ആദ്യദശകം ചരിത്രത്തിലേക്കു മറയുമ്പോൾ, ഘടികാര സൂചകങ്ങൾ തുടങ്ങിയേടത്തേക്കു തന്നെ തിരിച്ചു പോകുന്നു. 2008ലെ വിലക്കയറ്റ റെക്കോർഡിനേയും തകർക്കും വിധമാണ് അന്താരാഷ്ട്ര ഭക്ഷ്യവിലകൾ കുതിച്ചുകയറുന്നത്. അടുത്ത ദശകം തുടങ്ങുന്നതുതന്നെ കയ്പുരസത്തോടെയാണ്.

ജനുവരിയുടെ ആദ്യനാളുകളിൽ അൾജീരിയയിൽ ഭക്ഷ്യലഹളകൾ തലപൊക്കി. 2008ലെ പോലെ 37 രാജ്യങ്ങളിൽ ഇത്തരം കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടെന്നാണ് ഐക്യരാഷ്ട്രസഭ ആശങ്കപ്പെടുന്നത്. ഇന്ത്യയടക്കം പല വികസ്വര രാജ്യങ്ങൾക്കും വരും ദശകത്തോടെ ഭക്ഷണ വസ്തുക്കൾ ഇറക്കുമതി ചെയ്യേണ്ടിവരുമെന്നത് എന്നെ ഉൽക്കണ്ഠപ്പെടുത്തുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി, ഓരോ പുതുവത്സരത്തിലും ഇന്ത്യൻ കർഷകന് ആശ്വാസം പകരാനുതകുന്ന എന്തെങ്കിലും ഉണ്ടാകണേ എന്ന് നിശബ്ദമായി പ്രാർത്ഥിക്കയായിരുന്നു ഞാൻ. ദൗർഭാഗ്യവശാൽ, അതൊരിക്കലും സംഭവിച്ചില്ല. കർഷകന്റെ സാമ്പത്തികസ്ഥിതി ഓരോ വർഷവും കൂടുതൽ ജീർണ്ണിച്ചതേയുള്ളൂ. അടുത്ത വർഷങ്ങൾ ഇനിയും വിഷമകരമാകാനാണിരിക്കുന്നത്.

കൃഷിയുടെ കോർപ്പറേറ്റ് വൽക്കരണത്തേയും, വെള്ളം, കാട്, കൃഷിഭൂമി എന്നീ പ്രകൃതി വിഭവങ്ങളുടെ സ്വകാര്യവത്ക്കരണത്തേയും ഇന്ത്യ സർവ്വാത്മനാ പിന്തുണക്കുന്നതുകൊണ്ട് രാജ്യം ഭക്ഷണത്തിനായി മാത്രം ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലേക്കാണ് തിരിച്ചുവന്നുകൊണ്ടിരിക്കുന്നത്. കർഷകരെ കൃഷി ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് ചേക്കേറാൻ ആസൂത്രണ വിദഗ്ധരും നയരൂപീകരണ നിപുണരും അശ്രാന്തം പരിശ്രമിക്കുന്നു. എന്തായാലും, രാസവളങ്ങളുടെ അമിത ഉപയോഗവും ദുരുപയോഗവും മണ്ണിനെ വിഷലിപ്തമാക്കിയിരിക്കുന്നു. അത്യുല്പന്ന വിളകൾ വില കുറച്ച്, വ്യാപകമാക്കി, മണ്ണിന്റെ വളക്കൂറ് നശിപ്പിക്കുകയും ജലചൂഷണത്തിന് വഴി വക്കുകയും ചെയ്തു. പാടശേഖരങ്ങൾ രാസകീടനാശിനികൾ കൊണ്ട് നിറച്ച്, നമ്മുടെ ഭക്ഷണത്തെ മലിനപ്പെടുത്തുക തന്നെയല്ല, കൂടുതൽ കീടങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇതെല്ലാം കർഷകനെ കൂടുതൽ ദരിദ്രനാക്കിയതേയുള്ളൂ. കൃഷി സാമ്പത്തികമായി പ്രയോഗികമല്ലാതാക്കുകയും തത്ഫലമായി 40 ശതമാനത്തോളം കർഷർ മറ്റ് ബദലുകളന്വേഷിക്കാൻ തയ്യാറാവുകയും ചെയ്തു.

രാജ്യത്തുടനീളം കർഷകർ ജീവനൊടുക്കാനായി കീടനാശിനി എടുത്തുകുടിക്കാത്ത ഒറ്റ ദിവസം പോലും ഇല്ലെന്നായി. കഴിഞ്ഞ 15 വർഷത്തിനുള്ളിൽ രണ്ടുലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ദശലക്ഷക്കണക്കിന് കർഷകർ കടബാധ്യതകളിൽ മുങ്ങി എങ്ങിനെയൊക്കെയോ ജീവിക്കുന്നെന്നുമാത്രം. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2009-ൽ മാത്രം 17368 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇത് 2008 ലേതിനേക്കാൾ ഏഴു ശതമാനം കൂടുതലാണെന്ന് രേഖപ്പെടുത്തുന്നു.

ഒരായിരം കലാപങ്ങൾക്കാണ് ഇന്ന് ഇന്ത്യ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായികളും സർക്കാരും ഭൂമി പിടിച്ചെടുക്കുക വഴി, തങ്ങൾ കൂടുതൽ പാർശ്വവൽക്കരിക്കപ്പെടുമോ എന്നാശങ്കപ്പെട്ട് ദരിദ്രകർഷകർക്കിടയിൽ രാജ്യത്തുടനീളം ഒട്ടനവധി കുടിപ്പകകളാണ് നടമാടിക്കൊണ്ടിരിക്കുന്നത്.

മംഗലാപുരം മുതൽ അലിഗഢ് വരെയും സിങ്കൂർ തൊട്ട് പഞ്ചാബിലെ മൻസാ വരെയും ഉള്ള ഇന്ത്യയിലെ ഗ്രാമങ്ങളാകെ തിളച്ചുമറിയുകയാണ്. ഇവിടെയൊക്കെ, കണ്ണായ കൃഷിഭൂമികൾ, കൃഷി ഇതര ആവശ്യങ്ങൾക്കായി പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. ഉത്തർപ്രദേശിന്റെ കാര്യമെടുക്കൂ. ഏറ്റവും കൂടുതൽ ഭക്ഷ്യധാന്യം ഉത്പാദിപ്പിക്കുന്ന, രാജ്യത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമാണത്. ഇന്തോ-ഗംഗാസമതലമുൾപ്പെട്ട ഉത്തർപ്രദേശിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ ഹരിതവിപ്ലവമേഖലയുടെ ഭാഗമാക്കി കണക്കാക്കിയിരുന്നതാണ്. 410 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾക്കു പുറമേ, 1.30 കോടി ടൺ കരിമ്പും 1.05 കോടി ടൺ ഉരുളക്കിഴങ്ങും ഇവിടെ ഉത്പാദിപ്പിക്കുന്നു.

എന്റെ പേടി, ഈ ഉത്പാദനസ്ഥിതിക്ക് മാറ്റം വരുമെന്നതാണ്. ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന എട്ട് എക്സ്പ്രസ്സ് ഹൈവേകളും അവയ്ക്കരുകിൽ വരാനിരിക്കുന്ന ടൗൺഷിപ്പുകളും, കൂടാതെ മറ്റ് വ്യവസായ-റിയൽ എസ്റ്റേറ്റ് നിക്ഷേപകരുടെ ഭൂമി പിടിച്ചെടുക്കുകളും ഒക്കെ, 23000ത്തിലധികം ഗ്രാമങ്ങളെ തുടച്ചുമാറ്റുമെന്ന് തീർച്ച. കർഷകവൃത്തിയിൽ നിന്നു 66 ലക്ഷം ഹെക്ടർഭൂമി എടുത്തുമാറ്റപ്പെടുക എന്നു വച്ചാൽ 140 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനക്കുറവ് എന്നാണ് അർത്ഥമാക്കുന്നത്. ഉത്തർപ്രദേശിനെ ഭീകരമായി ബാധിക്കുവാൻ പോകുന്ന ഭക്ഷ്യദൗർലഭ്യത്തിന്റെ വിത്തുകളാണ് ഇപ്പോൾ വിതച്ചുകൊണ്ടിരിക്കുന്നതെന്നു ചുരുക്കം.

ഉത്തർപ്രദേശിന്റെ ഈ കഥ രാജ്യത്താകമാനം ആവർത്തിക്കപ്പെടുന്നു. വ്യവസായവൽകരണം ജനങ്ങളുടെ ശരാശരി വരുമാനം കൂടുമെന്നും അവർക്ക് ഭക്ഷണവും മറ്റ് പോഷകാഹാരങ്ങളും യഥേഷ്ടം വാങ്ങിക്കാമെന്നും ആസൂത്രണ വിദഗ്ധർ പറയുന്നു. പക്ഷേ

**വിഭാവനം ചെയ്തിരിക്കുന്ന എട്ട് എക്സ്പ്രസ്സ് ഹൈവേകളും അവയ്ക്കരുകിൽ വരാനിരിക്കുന്ന ടൗൺഷിപ്പുകളും, വ്യവസായ– റിയൽ എസ്റ്റേറ്റ് നിക്ഷേപകരുടെ ഭൂമി പിടിച്ചെടുക്കുകളും ഒക്കെ, 23000ത്തിലധികം ഗ്രാമങ്ങളെ തുടച്ചുമാറ്റുമെന്ന് തീർച്ച. കർഷകവൃത്തിയിൽ നിന്നു 66 ലക്ഷം ഹെക്ടർഭൂമി എടുത്തുമാറ്റപ്പെടുക എന്നു വച്ചാൽ 140 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനക്കുറവ് എന്നാണ് അർത്ഥമാക്കുന്നത്**

അതിനുമാത്രം ഭക്ഷ്യവസ്തുക്കൾ എവിടെ നിന്നു വരുന്നു എന്നതാണ് പ്രശ്നം. പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലെ കൃഷിഭൂമികൾ ഇപ്പോൾ തന്നെ പിടിച്ചെടുത്തു കഴിഞ്ഞു. കർണ്ണാടക, ആന്ധ്ര, മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യവസായങ്ങൾക്കായി ഭൂമി ബാങ്കുകൾ തന്നെ രൂപ്പപെട്ടു കഴിഞ്ഞു. രാജസ്ഥാനിൽ കർഷകരിൽ നിന്നും നേരിട്ട് ഭൂമി ഏറ്റെടുക്കുമ്പോഴുള്ള പരിധികളെല്ലാം നീക്കം ചെയ്തുകഴിഞ്ഞു. കൃഷിക്കുമേൽ കോർപ്പറേറ്റ് അധിനിവിശത്തിന്റെ പാരമ്യതയാണ് അടുത്ത ദശകത്തിൽ സാക്ഷ്യം വഹിക്കാൻ പോകുന്നത്. വിത്ത് സാങ്കേതികവിദ്യാകമ്പനികളും മറ്റ് ഭക്ഷണ.... .. ഇന്ത്യയിൽ കടകൾ തുറക്കവേ ബഹുമുഖ ബ്രാൻഡ് റീട്ടെയിൽ രാജാക്കന്മാരുടെ കാലമാണ് ഇനി വരാനിരിക്കുന്നത്. ഈയ്യിടെയുണ്ടായ വിലക്കയറ്റം, ഇത്തരം റീട്ടെയിൽ രാക്ഷസന്മാരുടെ വരവിനെ ന്യായീകരിക്കാനും കർഷകർക്കും ഉപഭോക്താക്കൾക്കും അത് സഹായകരമാണെന്ന് വരുത്താനും സൗകര്യപ്പെട്ടു.

പക്ഷേ, വാൾമാർട്ട്, ടെസ്കോ തുടങ്ങിയ വൻകിടക്കാരുടെ വരവോടെ അമേരിക്കയിൽ കർഷകർ അപ്രത്യക്ഷമാവുകയും ദാരിദ്ര്യം വന്നിരിക്കുകയുമാണുണ്ടായത്. ഇന്ന് ആ വൻകരയിൽ ഏഴുലക്ഷത്തിൽ താഴെ കർഷകരേ അവശേഷിച്ചിട്ടുള്ളൂ. യൂറോപ്പിലാകട്ടെ, റീട്ടെയിൽ തമ്പുരാക്കന്മാരുടെ ആധിപത്യമുണ്ടായിട്ടും ഓരോ മിനുട്ടിലും ഓരോ കർഷകൻ വീതം കൃഷിപ്പണി വേണ്ടെന്നു വയ്ക്കുകയാണ്. ഫ്രാൻസിലെ കർഷകരുടെ വരുമാനം, ഒരു റിപ്പോർട്ട് പ്രകാരം 2008-ലെ 20 ശതമാനം വീണ്ടും ഇടിഞ്ഞിരിക്കുന്നു. സൂപ്പർമാർക്കറ്റുകളിലെ വിലക്കുറവാണ് സ്കോട്ട്ലാന്റിലെ പാൽകർഷകരുടെ കൂട്ടപ്പലായനത്തിനുകാരണമെന്ന് വിലയിരുത്തപ്പെടുന്നു. അതുകൊണ്ട് സൂപ്പർമാർക്കറ്റുകൾ ഇന്ത്യൻ കർഷകനെ രക്ഷിക്കുമെന്ന് കരുതുക വയ്യ.

ഭക്ഷ്യ ഇറക്കുമതി കൂടുകയും, കർഷകർ കൃഷിയിൽ നിന്നും പിന്തള്ളപ്പെടുകയും ചെയ്യുമ്പോൾ ഇന്ത്യ പഴയ അവസ്ഥയിലേക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അറുപതു വർഷത്തിനിടയിൽ സാമ്പത്തിക വളർച്ചയുടെ പേരിൽ ഭക്ഷ്യസുരക്ഷയ്ക്ക് വേണ്ടിയുള്ള നയങ്ങളെല്ലാം മാറ്റിയെഴുതിയിരിക്കുന്നു. സാമ്പത്തിക വളർച്ചയുടെ പേരിൽ ഭക്ഷ്യസുരക്ഷയെ ബലികൊടുക്കുകയായിരുന്നു എന്ന് വരും ദശകത്തിൽ വിലയിരുത്തപ്പെടും. കാർഷിക അടിത്തറയുടെ കരുതിക്കൂട്ടിയുള്ള ഉന്മൂലനം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ ആഴം അളക്കാവുന്നതിലുമപ്പുറമാണ്.

(പരിഭാഷ: അജിതൻ)

**books**
**magazines**
**periodicals**

BYWORD
BOOKS

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577